# കേരളത്തിനു പിന്നാലെ കർണാടകയും നീര ഉത്പാദനത്തിലേക്ക്

**കണ്ണൂർ:** അബ്കാരി നിയമം ഭേദഗതി ചെയ്തു നീര ഉത്പാദനത്തിനുള്ള സാഹചര്യം ഒരുക്കിയ കേരള സർക്കാരിന്റെ പാത കർണാടകയും പിന്തുടരുന്നു. നീര ഉത്പാദനത്തിനു കർഷകർക്കു തടസമായി നിന്നിരുന്ന നിയമം ഭേദഗതി ചെയ്യാൻ കർണാടക തീരുമാനിച്ചു. ഇതുമായി ബന്ധപ്പെട്ട ഉത്തരവ് ഉടൻ ഉണ്ടാകുമെന്നാണറിയുന്നത്. നാളികേര മേഖലയുമായി ബന്ധപ്പെട്ട സർക്കാരിന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ബജറ്റ് പ്രഖ്യാപനത്തിൽ കർണാടക മുഖ്യമന്ത്രി സിദ്ധരാമയ്യയാണ് ഇക്കാര്യം അറിയിച്ചത്.